**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4939** **20-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ആരോഗ്യ ക്ലിനിക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിലുള്ള എത്ര കൗൺസിലർമാരാണ് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്തുവരുന്നതെന്ന് സ്കൂൾ തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ സർക്കാർ സ്കൂളുകളിൽ നടത്തുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ; | (ബി) | വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്യാംപെയിനിൽ, വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തന പദ്ധതികൾ<br><br>പൊതു വിദ്യാഭ്യസവകുപ്പ് നടത്തിവരുന്നു. ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവത്കരണം, സമൂഹത്തെ ശാക്തീകരിക്കൽ, ആരോഗ്യകരമായ ജീവിതശൈലി പ്രോൽസാഹിപ്പിക്കുന്നതിനുള്ളപിന്തുണ സംവിധാനങ്ങൾ എന്നിവയാണ് ഇതിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്.സ്കൂൾ തലത്തിൽ നടത്തേണ്ട ജാഗ്രതാ പ്രവർത്തനങ്ങൾ, ജനജാഗ്രതാ സമിതികളുടെപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിട്ടുണ്ട്. ലഹരിവിരുദ്ധ ബോധവൽക്കരണത്തോടൊപ്പം കുട്ടികളെ ഇതിൽ നിന്ന്പിൻതിരിപ്പിക്കുന്നതിന് അധ്യാപകരെ ശക്തരാക്കുന്നതിനും പരിശീലന പരിപാടികൾസംഘടിപ്പിച്ചിട്ടുണ്ട്.<br><br>അമ്മമാരുടെ കൂട്ടായ്മയെ റിസോഴ്സ് ഗ്രൂപ്പായി കണക്കാക്കി, രക്ഷകർത്താക്കളുടെ ഒരു കൂട്ടായ്മ സ്കൂൾ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി വരുന്നു. ലഹരി ഉപയോഗം കണ്ടെത്തുക, അറിയിക്കുക, പരിഹാര മാർഗങ്ങൾ നിശ്ചയിക്കുക എന്നിങ്ങനെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി Standard Operating Procedure (SOP)<br><br>തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് പ്രൈമറി, സെക്കണ്ടറി |

തലത്തിലെ എല്ലാ അധ്യാപകർക്കും കൃത്യമായ ധാരണ അവധിക്കാല അധ്യാപക പരിശീലനത്തിൽ നൽകിയിട്ടുണ്ട്.ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും,കുട്ടികളെനിരീക്ഷിക്കുന്നതിനും വേണ്ടി എക്സൈസ് വകുപ്പമായി ചേർന്ന് സ്കൂളിൽ പ്രഹരി ക്ലബ്/ ചിൽഡ്രൻസ് ക്ലബ് ,ആന്റി നാർക്കോട്ടിക്ക് ക്ലബ് രൂപീകരിക്കുകയും, ബോധവൽക്കരണ പരിപാടികൾ നടത്തി വരുകയും ചെയ്യുന്നു.

തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജാഗ്രത ബ്രിഗേഡ് എന്ന രീതിയിൽ മുപ്പത് മുതൽ അമ്പത് വരെ കുട്ടികളുടെ ഗ്രൂപ്പ് രൂപപ്പെടുത്തുകയും അവരിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയുംചെയ്യുന്നു. കലാ-കായിക,ദന്ത സംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യ പരിപാടികൾ, വ്യക്തിത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.

'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തകം എക്സൈസ് വകുപ്പമായി ചേർന്ന് തയ്യാറാക്കുകയും ആയതിൽ ലഹരിക്കെതിരെ കുട്ടികളുടെ മനോഭാവം വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾഉൾക്കൊള്ളിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായികരുതൽ, കവചം എന്നി പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും ജൂൺ 26 ന് ലഹരി വിരുദ്ധ പാർലമെന്റ്, ശിശുദിനത്തിൽ പ്രത്യേക അസംബ്ലി ഒക്ടോബർ 2 ന് സംവാദ സദസ്സ്, ജനുവരി 30 നു ക്ലാസ് സഭഎന്നിവ നടത്തിയിട്ടുണ്ട്.കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം ലഭ്യമാക്കിയ നവചേതന പ്രകാരം അധ്യാപകർക്ക് ഈവിഷയവുമായി ബന്ധപ്പെട്ട മൊഡ്യൂൾ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ തയ്യാറാക്കിയ ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസപദ്ധതിയുമായി ബന്ധപ്പെട്ട പാഠപുസ്തകങ്ങളിലും (ഉല്ലാസ പറവകൾ) ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.

2024-25 അക്കാദമിക വർഷത്തിൽ പരിഷ്ക്കരിച്ച പാഠപുസ്തകങ്ങളിൽ അടിസ്ഥാന ശാസ്ത്രം,സാമൂഹ്യ ശാസ്ത്രം, മലയാളം, ഉറുദു, അറബി എന്നീ വിഷയങ്ങളിൽ അപ്പർ പ്രൈമറി. ഹൈസ്കൂൾ തലങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2025-26 അക്കാദമിക വർഷം പരിഷ്ക്കരിക്കുന്ന വിവിധ വിഷയങ്ങളിലെ പാഠപുസ്തങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പടുത്തുന്നുണ്ട്.

| | | | |
|---|---|---|---|
| | | | പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ അപ്പർ പ്രൈമറി,ഹൈസ്കൂൾ വിഭാഗത്തിലെ ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകങ്ങളിലും ലഹരിയ്ക്കും മരുന്നിനും എതിരായിട്ടുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികളിൽ അവഗാഹം ഉണ്ടാക്കേണ്ടതും കുട്ടികൾക്ക് ലഹരികൾ ലഭിക്കുന്ന വഴികൾ തടയേണ്ടതും ഈ കാലഘട്ടത്തിലെ അടിയന്തിര ആവശ്യമായി മാറിയിട്ടുണ്ട്. ഈ വിഷയം ഗൗരവമായി കണക്കിലെടുത്തു വിദ്യാഭ്യാസ വകുപ്പ് കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ ഏതൊക്കെ സർക്കാർ സ്കൂളുകളിലാണ് ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത്; സ്കൂളുകളിൽ പ്രഖ്യാപിച്ചിട്ടുള്ള ക്ലിനിക്കുകളിൽ ഇതുവരെ പ്രവർത്തനം തുടങ്ങാത്തത് ഏതൊക്കെയാണ്; വിശദാംശം സ്കൂൾ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (സി) | സ്കൂളുകളിൽ നിലവിൽ ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നില്ല. നാഷണൽ ഹെൽത്ത്മിഷന്റെ ആരോഗ്യ പരിപാടിയുടെ ഭാഗമായി RBSK നഴ്സ് ടീം -ന്റെ നേതൃത്വത്തിൽ ഹെൽത്ത് ചെക്ക് അപ്പ് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ